# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.ഇകെഎം.(ബിപി)507/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. കാര്യാലയപകർപ്പ്

നമ്പർ: കെഎസ്എ.ഇകെഎം.(ബിപി)507/22 തീയ്യതി: 03/07/2022

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 17-03-2022 | 22-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2022 | 22-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടെസ്സി എം., ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ.എസ്., ഓഡിറ്റർ
മുഹമ്മദ് ഷാഫി വി.എൻ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലിസ്സി ജോളി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| പ്രൊ. ഡോ. ജോസ് അഗസ്റ്റിൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി സഹിത എം എസ് | സെക്രട്ടറി | 01-04-2020 | 22-10-2020 |
| ശ്രീമതി രതി എം ജി | സെക്രട്ടറി | 23-10-2020 | 02-02-2021 |
| ശ്രീ വി ജി ജയൻ | സെക്രട്ടറി | 03-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ടാനി തോമസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീകല എം ചന്ദ്രൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ നൌഫൽ അലി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-02-2021 |
| ശ്രീമതി ഹസ്ന പി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-03-2021 | 31-03-2021 |
| ശ്രീമതി മെറീന പോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 30-01-2021 |
| ശ്രീമതി സുപ്രിയ ദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 31-01-2021 | 31-03-2021 |
| ശ്രീമതി ഷൈനിമോൾ കെ ബി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുഹറ സി എച്ച് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 02-09-2020 |
| ശ്രീമതി സൌമ്യ ജോസഫ് | ശിശു വികസന പദ്ധതി ഓഫീസർ | 03-09-2020 | 31-03-2021 |
| ശ്രീമതി പ്രിയ പോൾ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ജോർജ് കെ എ | മെഡിക്കൽ ഓഫീസർ,പണ്ടപ്പിള്ളി | 01-04-2020 | 31-03-2021 |
| ഡോ. ജെയ് പോൾ | മെഡിക്കൽ ഓഫീസർ, കല്ലൂർക്കാട് | 01-04-2020 | 03-01-2021 |
| ഡോ. ബ്ലസ്സി പോൾ | മെഡിക്കൽ ഓഫീസർ, കല്ലൂർക്കാട് | 04-01-2021 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Muhammed Shafi V M (Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Tessy (Audit Officer, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-9 |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 22-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-10 |
| 12 | വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Muhammed Shafi V M (Auditor, On 22-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-11 |
| 13 | ആസ്തി പരിപാലനം-പദ്ധതി രൂപീകരിച്ചില്ല<br>Written By: Prasad P G (Asst. Audit Officer, On 28-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-12 |
| 14 | പണ്ടപ്പിള്ളി CHC - സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി-വാടക വാഹനം കരാർ രേഖകൾ ഫയലിൽ ലഭ്യമല്ല<br>Written By: Kiran K.S (Auditor, On 22-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-13 |
| 15 | ക്യാന്റീൻ കെട്ടിടത്തിനു മുകളിൽ വനിതാ വിപണന കേന്ദ്രം നിർമ്മാണം-പ്രവർത്തനക്ഷമമായില്ല<br>Written By: Prasad P G (Asst. Audit Officer, On 28-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-14 |
| 16 | ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന തുകകളുടെ കൈപ്പറ്റ് രസീത് വാങ്ങുന്നില്ല.<br>Written By: Muhammed Shafi V M (Auditor, On 22-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-15 |
| 17 | പണ്ടപ്പിള്ളി CHC മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമായതു സംബന്ധിച്ച | 1-16 |

| | | |
|---|---|---|
| | രേഖകൾ ലഭ്യമല്ല<br>Written By: Kiran K.S (Auditor, On 22-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | |
| 18 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-17 |
| 19 | സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിലെ അപാകതകൾ<br>Written By: Tessy (Audit Officer, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-18 |
| 20 | വിനിയോഗവിവരം ഇല്ല - 33,17,447/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Tessy (Audit Officer, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 1-19 |
| 21 | കരാർ തുകയിൽനിന്ന് ഇൻകം ടാക്സ് ടി.ഡി.എസ്. കുറവുചെയ്തില്ല.<br>Written By: Santhosh Kumar M (Auditor, On 30-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-20 |
| 22 | എൻ.ആർ.ഇ.ജി.എസ് - പ്ലാൻ ഫണ്ടിൽ നിന്നും നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് തുക നൽകി<br>Written By: Tessy (Audit Officer, On 31-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 23-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Santhosh Kumar M (Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Santhosh Kumar M (Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Santhosh Kumar M (Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 4-8 |
| 9 | ഓഡിറ്റ് റിക്കവറി<br>Written By: Santhosh Kumar M (Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 19-05-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Santhosh Kumar M (Auditor, On 30-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Santhosh Kumar M (Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 20-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 25.03.2020ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

1

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 0 | 17137919 | (-) 17137919 |
| വരവ് | 402906060 | 56801759 | 346104301 |
| ആകെ | 402906060 | 73939678 | 328966302 |
| ചെലവ് | 401071676 | 58299749 | 342771927 |
| നീക്കിയിരിപ്പ് | 1834384 | 15639929 | (-)13805625 |

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളിലും ഖണ്ഡിക 1-3ൽ ചേർത്തിട്ടുള്ള ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ 34 കോടിക്കുമുകളിൽ അന്തരം കാണുന്നു. ഇതിന് വിശദീകരണം നൽകേണ്ടതാണ്. ധനകാര്യപത്രികയിൽ ബജറ്റിൽ ഉൾപെടുത്തിയിട്ടുള്ള എല്ലാ വരവ് ചെലവുകളും ഉൾപെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതുമാണ്. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. തനതു വരുമാനം വളരെ കുറവായ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം വലിയ തുകകൾ കണക്കിലെടുത്ത് വരവ് ചെലവുകൾ കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2020 | 14.06.2021 |

## 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -14,97,990/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -10,89,341/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കുന്നതിന് ഐ കെ എംമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

3. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അദർ അഡ്വാൻസ് എന്ന ഹെഡിൽ നീക്കിയിരിപ്പായ 6,87,287/രൂപയുടെ വിശദാംശങ്ങൾ (തൊഴിലുറപ്പ് പദ്ധതിയ്ക്ക് നൽകിയ അഡ്വാൻസ് തുകയിൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളടക്കം) ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കിന് അഡ്വാൻസ് നൽകി വിനിയോഗവിവരം ലഭ്യമാകാതെ നീക്കിയിരിപ്പായ (കേരള വാട്ടർ അതോറിറ്റി- 22,18,137/-, കേരള ഇലക്ട്രിസിറ്റി ബോർഡ്-1,41,803/-) തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി വിശദാശങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

4. ഷെഡ്യൂൾ ബി-11-ൽ മൂവബിൾ അസറ്റ് -പ്ലാന്റ് മെഷിനറി എന്ന ഹെഡിൽ ഡിപ്രസിയേഷൻ തുക (38,82,907/-) അതേ ഹെഡിലെ ആസ്തിയേക്കാൾ (6,59,800/-)കൂടതലായി രേഖപ്പെടുത്തിയിരിക്കുന്നു. കൃത്യത പരിശോധിച്ച് മാറ്റം വരുത്തേണ്ടതാണ്.

5. ആസ്തി ആർജിക്കുന്ന തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ എന്ന ഹെഡിലേക്ക് ചേർക്കുന്നില്ല. നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എല്ലാ ഇനം ഡെപ്പോസിറ്റുകളും രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി റസീപ്റ്റ്, പേയ്മെന്റ്, നീക്കിയിരിപ്പ് എന്നിവ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

7. വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഇ.എം.ഡി. ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായ ഡെപ്പോസിറ്റുകളുടെ റസീപ്റ്റ്, പേയ്മെന്റ് വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല. തൻവർഷംഎല്ലാ പദ്ധതികളുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് ഇനങ്ങളിൽ നടന്ന വരവുചെലവുകൾ ലഭ്യമാക്കേണ്ടതും ധനകാര്യപത്രികയിൽ ഉൾപെടുത്തി തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

8. ബി -9 ഷെഡ്യൂളിൽ ചേർത്തിട്ടുള്ള ബാധ്യതകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പരിശോധിച്ച് ബാധ്യത അല്ലാത്തപക്ഷം തനത് ഫണ്ടിലേക്ക് വരവ് ചേർക്കേണ്ടതുമാണ്. തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

9. ഷെഡ്യൾ ബി- 4പ്രകാരം അക്കൌണ്ട് ഹെഡ് 320700204 എന്ന ഹെഡിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ബാധ്യതയായി കാണിച്ചിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന് "Contribution For Joint Venture Projects From Block Pavchayats" എന്ന ഈ ഹെഡ് ബാധകമല്ല. ബാധകമായ ഗ്രാമപഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് ജോയിന്റ് വെൻച്വർ ഫണ്ടുകളുടെ തുകകൾ ജോയിന്റ് വെൻച്വർ ട്രഷറി അക്കൌണ്ടിൽ സൂക്ഷിക്കുന്നതിനുപകരം കാനറ ബാങ്ക് - ഐ എ വൈ എന്ന ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു., ഈ തുകകൾ ചെലവഴിക്കാതെ നിലനിൽക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഈ ഫണ്ടുകളുടെ കൃത്യത ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.

10. ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക അതതു വർഷം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തിയതായി കാണുന്നില്ല. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയിനത്തിൽ മുൻവർഷങ്ങളിലേത് ഉൾപെടെ ഇതുവരെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ലഭിക്കേണ്ട തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വരവ്, ലഭിക്കാനുള്ള തുക എന്നിവ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

11. ഷെഡ്യൾബി-4 പ്രകാരമുള്ള ഫണ്ടുകളിൽ മുൻവർഷങ്ങളിൽ ലഭിച്ച ചെലവഴിക്കാതെ ശേഷിക്കുന്ന തുകൾ അതത് ഫണ്ടുകളിലേക്ക് തിരിച്ചടയ്ക്കുന്നില്ല. അക്കൌണ്ട് ഹെഡ് 320100299ലെ നീക്കിയിരിപ്പായ 3,64,004/- രൂപ ഏത് ഫണ്ടാണ് എന്ന പഞ്ചായത്ത് വ്യക്തമാക്കിയില്ല. ബി4 ഷെഡ്യൂളിലെ എല്ലാ ഫണ്ടുകളുടേയും കൃത്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

12. ആസ്തിരജിസ്റ്റർ കാലികമാക്കി വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

13. ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകുന്ന തുകകൾ വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നില്ല (ഷെഡ്യൂൾ RP47, B18). പഞ്ചായത്ത് ലഭ്യമാക്കിയ ഖണ്ഡിക 4-3 പ്രകാരമുള്ള ഡെപ്പോസിറ്റ് വർക്കുകളുടെ കൃത്യത ഉറപ്പുവരുത്തി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

14. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങളും ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പും വാർഷികധനകാര്യപത്രികയിൽ ഉൾപെടുത്തുന്നില്ല. തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

15. ജി എസ് ടി പേയബിൾ എന്ന 350300110, 350300111 ഹെഡുകളിലെ ജി എസ് ടി ബാധ്യത അക്കൌണ്ട് ഹെഡ് 140400199 എന്ന ഹെഡിൽ അദർ ഫീസ് എന്ന ഇനത്തിൽ വരവ് ചേർത്തതായി കാണുന്നു. ഇതിന്റെ കൃത്യത പരിശോധിച്ച് തൻവർഷം ജി എസ് ടി അടവാക്കിയതിന്റെ വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതാണ്.
16. ഷെഡ്യൂൾ ഐ18 പ്രകാരം 34619/- പ്രയർ പിരിയഡ് ചെലവ് രേഖപ്പെടുത്തിയതിന് വിശദാംശങ്ങൾ അടക്കം വിശദീകരണം നൽകേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 19-3-22 ലെ ഓഡിറ്റ് എന്ക്വയറി നം 3 ന് മറുപടി നൽകിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,71,37,919 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,68,01,759 |
| ആകെ | 7,39,39,678 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,82,99,749 |
| നീക്കിയിരിപ്പ് | 1,56,39,929 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 88,61,103 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28761984 | | 28089720 | | 672264 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7582000 | | 7324933 | | 257067 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 482000 | | 399000 | | 83000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5670000 | | 5095451 | | 574549 |
| ധനകാര്യ കമ്മീഷൻ (പെർഫോർമൻസ് ഗ്രാന്റ്) | | 5670000 | | 3435695 | | 2234305 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5284011 | | 5283249 | | 762 |
| 320100115 ടോട്ടൽ സാനിറ്റേഷൻ | 267462 | 8199 | 275661 | 0 | 275661 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 320100299 | 364004 | 0 | 364004 | 0 | 364004 | 0 |
| 320700103 ജോയിന്റ് വെൻചർ- ഗ്രാമ പഞ്ചായത്ത് | 379257 | 0 | 379257 | 0 | 379257 | 0 |
| 320700203 ജോയിന്റ് വെൻചർ- ഗ്രാമ പഞ്ചായത്ത് | 4878403 | 0 | 4878403 | 0 | 4878403 | 0 |
| 320700204 ജോയിന്റ് വെൻചർ- ബ്ലോക്ക് പഞ്ചായത്ത് | 1866113 | 433837 | 2299950 | 298 | 2299652 | 0 |
| 320700205 ജോയിന്റ് വെൻചർ- ജില്ല പഞ്ചായത്ത് | 6305648 | 0 | 6305648 | 0 | 6305648 | |

കുറിപ്പ് :-

1) വികസഫണ്ട് - ജനറൽ നിന്ന് സോഴ്സ് ഡിഡക്ഷനായി ലോൺ തിരിച്ചടവിന് ചെലവഴിച്ച 14,33,067/-രൂപ ധനകാര്യ പത്രികയിൽ വരവ്-ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

2) 320700204 ജോയിന്റ് വെൻചർ- ബ്ലോക്ക് പഞ്ചായത്ത് എന്ന ഹെഡ് ബ്ലോക്ക് പഞ്ചായത്തിന് ബാധകമല്ല. കൃത്യത പരിശോധിച്ച് ബാധകമായ ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് അക്കൌണ്ട് ഹെഡുകളിലേക്ക് മാറ്റേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 73162582 | 112 | 49743286 | 17 | 31 | 70% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 6,58,843 | 7,24,460 | 13,83,303 | 12,18,027 | 1,65,276 |

MGNREGS കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ആണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ചേർക്കപ്പെട്ടിട്ടില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.03.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന നടത്തിയ തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.09.21 മുതൽ 12.10.2021 വരെ | 2020-21 | 15.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.12.14 മുതൽ 20.12.14 വരെ | 2009-10 മുതൽ 2013-14 വരെ | 18.4.2015 |

## 1-9 ആഭ്യന്തര നിയന്ത്രണം

വ്യക്തമായ ആസൂത്രണമില്ലാതെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. കാന്റീനിന് മുകളിൽ വനിതാവിപണനകേന്ദ്രം പണിതിട്ടുണ്ടെങ്കിലും ആയത് ഉപയോഗിക്കുന്നില്ല. ഒറ്റപ്പെട്ട കുന്നിൻമുകളിൽ ഇപ്രകാരം വിപണനകേന്ദ്രം നിർമ്മിച്ച് ആയത് എന്ത് ആവശ്യത്തിനായാണ് ഉപയോഗിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. നിർമ്മൽപുരസ്കാരം വഴി ലഭിച്ച തുക ഉപയോഗിച്ച് ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയത് ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. ഈ സ്ഥാപനത്തിൽ വരുന്ന പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ പാകത്തിൽ ടോയ്‌ലറ്റ് സംവിധാനം ഇല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലെ വരാന്തയിലെ ടൈലുകൾ മുഴുവൻ പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴിയുമായി കിടക്കുകയാണ്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകകൾ നൽകിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം വർക്കുകളും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല.

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) ചില രസീതുകൾ ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ പ്രിന്റ് എടുത്തിട്ടില്ല. പ്രിന്റ് എടുക്കാത്ത

രസീതുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| രസീത് നം., തീയതി | ഡേ ബുക്ക് പ്രകാരം രസീതിലെ തുക |
|---|---|
| 120040100004, 26.06.2020 | 2377 |
| 120040100005, 02.07.2020 | 3888 |
| 120040100006, 06.07.2020 | 9680 |
| 120040100007, 06.07.2020 | 4820 |
| 120040100008, 06.07.2020 | 2415 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, തീയതി.19.03.2022), ടി രസീതുകൾ സാംഖ്യയിൽ രേഖപ്പെടുത്തിയെങ്കിലും പ്രിന്റർ പ്രവർത്തനക്ഷമമല്ലാത്തതിനാൽ മാനവൽ ആയി ടൈപ്പ് ചെയ്ത് നൽകുകയാണ് ഉണ്ടായതെന്ന് മറുപടി ലഭിച്ചു. ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) 17.03.2021 തീയതിയിലെ 120040100112 നമ്പർ രസീത് സാംഖ്യാ രസീതിനുള്ള സ്റ്റേഷനറി ഉപയോഗിക്കാതെ പേപ്പറിൽ ആണ് പ്രിന്റ് എടുത്തത്. ഇതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, തീയതി.19.03.2022), രസീത് പ്രിന്റ് ചെയ്യാനായി A 9765113 നമ്പരിലുള്ള സ്റ്റേഷനറി പ്രിന്ററിൽ വെച്ചെങ്കിലും അത് പ്രിന്റ് ചെയ്യാതെ കീറി പോയി എന്നും അതുകൊണ്ട് വീണ്ടും സ്റ്റേഷനറി വക്കാതെ ഫോട്ടോസ്റ്റാറ്റ് പേപ്പറിൽ പ്രിന്റ് എടുക്കുകയാണുണ്ടായതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സ്റ്റേഷനറി നഷ്ടപ്പെടുമ്പോൾ അടുത്ത നമ്പരിലുള്ള സ്റ്റേഷനറി ഉപയോഗിക്കുകയാണ് വേണ്ടത്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-11 വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം വാടകയിനത്തിൽ ലഭിച്ച തുകകൾ, വർഷാവസാനം വരെ വാടകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുകകൾ എന്നിവയുടെ വിവരങ്ങൾ വാടക രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാടക കാലയളവ് | തൻവർഷം ലഭിച്ച തുക (RP-43 പ്രകാരം) | പിരിഞ്ഞു കിട്ടാനുള്ള തുക (B-15 പ്രകാരം) |
|---|---|---|
| 2020-21 | 1,29,680 | 1,28,380 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 19,400 | 1,86,316 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10, തീയതി. 22.03.2022) മറുപടി ലഭിച്ചിട്ടില്ല. വാടക രജിസ്റ്റർ പൂർത്തിയാക്കി ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-12 ആസ്തി പരിപാലനം-പദ്ധതി രൂപീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ പെട്ട താഴെ പറയുന്ന കെട്ടിടങ്ങളുടെ മെയിന്റനൻസ് വർക്കുകൾ 2020-21 ലെ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര് | 2020-21 ൽ ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 1 | 80/21-മഞ്ഞള്ളൂർ സാംസ്കാരിക കേന്ദ്രം പുനരുദ്ധാരണം | 225469 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 2 | 117/21- മാറാടി വനിതാ വിപണന കേന്ദ്രം- അടിസ്ഥാന സൗകര്യ വികസനം | 433980 | വികസനഫണ്ട്-ജനറൽ |
| 3 | 118/21- ആവോലി വനിതാ വിപണന കേന്ദ്രം- അടിസ്ഥാന സൗകര്യ വികസനം | 344072 | ,, |
| 4 | 132/21-ആയവന-പാറത്താഴം എസ്.സി കോളനിയിൽ വനിതാ വിപണന കേന്ദ്രം നിർമ്മാണം | 699079 | വികസനഫണ്ട്-എസ്.സി.പി |
| 5 | 155-കല്ലൂർക്കാട്-SGSY വിപണന കേന്ദ്രം അറ്റകുറ്റ പണികൾ | 551164 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 6 | 176/21- മഞ്ഞള്ളൂർ വനിതാ വിപണന കേന്ദ്രം-പൂർത്തീകരണം | 521145 | വികസനഫണ്ട്-ജനറൽ |
| 7 | 180/21-ആയവന-പാറത്താഴം എസ്.സി വനിതാ വിപണന കേന്ദ്രത്തിന് ശൗചാലയം നിർമ്മാണം | 490193 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥലങ്ങളിൽ വനിത വികസന കേന്ദ്രങ്ങൾ നിർമ്മിച്ചും, നിലവിലുള്ള സ്വാശ്രയ വിപണനകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയുമാണ് മേൽപ്രകാരമുള്ള പൊതു ആസ്തികൾ സൃഷ്ടിച്ചിട്ടുള്ളത്. ആസ്തികളുടെ സംരക്ഷണത്തിനായി ഒരു ആസ്തി സംരക്ഷണ പദ്ധതി രൂപീകരിക്കേണ്ടതാണെന്ന് 13ാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരമൊരു മെയിന്റനൻസ് പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ബ്ലോക്ക് പഞ്ചായത്തിൽ മേൽ പ്രകാരമുള്ള വർക്കുകൾ നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഗുണഭോക്താക്കൾ മെയിന്റനൻസ് വേണമെന്ന് ആവശ്യപ്പെട്ടതായോ, എന്തെല്ലാം പ്രശ്നങ്ങളാണ് പരിഹരിക്കപ്പെടേണ്ടതെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിലും പറയുന്നില്ല. പദ്ധതി വിഹിതം ഏത് വിധേനയും

ചെലവഴിക്കുക എന്നതിനപ്പുറം യാതൊരു ദീർഘവീക്ഷണവുമില്ലാതെയാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്.

ജി.ഒ (ആർ.ടി.) 166/ 2017/ എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസ്സറ്റ് മാനേജ് മെന്റ് മാന്വൽ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.

## 1-13 പണ്ടപ്പിള്ളി CHC - സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി-വാടക വാഹനം കരാർ രേഖകൾ ഫയലിൽ ലഭ്യമല്ല

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി (പ്രോ.നം. 69/20) ഹോം കെയർ ടീമിന് വാഹനസൗകര്യം ലഭ്യമാക്കുന്നതിന് നിയമാനുസൃത ക്വട്ടേഷൻ ക്ഷണിച്ച് ആയതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ജോമോൻ ടി.ജെ-യുടെ ഉടമസ്ഥതയിലുള്ള KL-07-BL-4796-ാം നമ്പർ വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. എന്നാൽ മേൽ വ്യക്തിയുമായി ചമച്ച കരാർ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/21.03.2022)മറുപടി ലഭിച്ചില്ല. കരാർ രേഖകൾ ഹാജരാക്കേണ്ടതും പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ക്യാന്റീൻ കെട്ടിടത്തിനു മുകളിൽ വനിതാ വിപണന കേന്ദ്രം നിർമ്മാണം-പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 61/21 , ബ്ലോക്ക് ഓഫീസിലെ ക്യാന്റീൻ കെട്ടിടത്തിനു മുകളിൽ വനിതാ വിപണന കേന്ദ്രം നിർമ്മാണം |
| നിർbdവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി ,തുക | LSGD /TS/2020-21/72049 തീയതി 21.07.20, 19,03,360/- |
| കരാറുകാരൻ, തുക | ശ്രീ. അബ്ബാസ്.വി.എം, 13,56,730/- +GST |
| കരാർ ഉടമ്പടി നം. | 13/AE/LSGD/MVPA/20-21/ തീയതി.22.09.2020 |
| എം ബുക്ക് | 13/20-21 |

ബ്ലോക്ക് പഞ്ചായത്തിലെ ക്യാന്റീൻ കെട്ടിടത്തിന് മുകളിൽ ഒരു വനിതാ വിപണനകേന്ദ്രം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. വികസന ഫണ്ട്-ജനറൽ ഫണ്ടിൽ നിന്നും 15,19,567/- രൂപ വകയിരുത്തിയ പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. ഈ പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച 6 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ അബ്ബാസ് വി.എം എന്ന കരാറുകാരനുമായി 22.02.2020 ൽ കരാറിലേർപ്പെട്ട് അന്നു തന്നെ സൈറ്റ് കൈമാറുകയും 14-2-2020 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും 3 പാർട്ട് ബില്ലുകളിലായി മുഴുവൻ തുകയും കരാറുകാരന് നൽകിയിട്ടുമുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു( നം.9/21.03.2022 ).

1. 2175 ച.അടി വിസ്തീർണ്ണത്തിൽ പണി തീർത്തിരിക്കുന്ന ഈ കെട്ടിടത്തിൽ എന്ത് വിപണനം നടത്താനാണെന്ന് ഫയലിൽ പറയുന്നില്ല. ഈ കെട്ടിടം എന്താവശ്യത്തിന് പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.

2. മേൽ പ്രവൃത്തിയിലെ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള അവശേഷിക്കുന്ന വർക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിലോ മറ്റ് ഏതെങ്കിലും സ്കീമിലോ ഉൾപ്പെടുത്തി പൂർത്തീകരിക്കണമെന്ന് 17.06.2020 യിലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട് [തീരുമാനം നമ്പർ2(4)]. ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ? ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥയെന്താണ് ?

നിലവിൽ സിവിൽ വർക്കുകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, ഇലക്ട്രിക്കൽ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. വനിതാ വിപണന കേന്ദ്രം നിർമ്മാണമെന്നാണ് പദ്ധതിയുടെ പേരെങ്കിലും എന്ത് വിപണനം നടത്താനാണ് ലക്ഷ്യമിടുന്നതെന്ന് പ്രോജക്റ്റ് റിപ്പോർട്ടിൽ പറയുന്നില്ല. അതുകൊണ്ടുതന്നെ പ്രത്യേക രൂപരേഖയൊന്നുമില്ലാതെ നിലവിലെ ക്യാന്റീൻ കെട്ടിടത്തിനു മുകളിൽ ഒരു ഹാളിന്റെ രൂപത്തിൽ പണി പൂർത്തിയാക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. 15 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി 2022-23ൽ പൂർത്തിയാക്കുമെന്നും വനിതകൾക്ക് വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന യൂണിറ്റുകൾ തുടങ്ങുവാൻ കെട്ടിടം ഉപയുക്തമാക്കുമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന തുകകളുടെ കൈപ്പറ്റ് രസീത് വാങ്ങുന്നില്ല.

സി.ഡി.പി.ഒ. മുഖേന ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പദ്ധതികൾക്ക് വിഹിതം നൽകിയിരുന്നു. എന്നാൽ ടി തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1) 90/20-21, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ

ആകെ അടങ്കൽ – 26,10,000/-

ചെലവ് – 25,41,950/-

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെപേര് | തുക | ബിൽ നം. (ACR പ്രകാരം) ,തീയതി |
|---|---|---|---|
| 1 | പായിപ്ര | 47547 | 196, 15.02.2021 |
| 2 | പായിപ്ര | 412400 | 160, 14.01.2021 |
| 3 | പായിപ്ര | 192303 | 206, 23.02.2021 |
| 4 | മാറാടി | 191200 | 204, 22.02.2021 |
| 5 | മാറാടി | 58800 | 120, 04.11.2020 |
| 6 | ആയവന | 210575 | 205, 22.02.2021 |
| 7 | ആയവന | 94775 | 122, 04.11.2020 |
| 8 | ആവോലി | 72000 | 162, 14.01.2021 |
| 9 | ആവോലി | 178000 | 215, 06.03.2021 |
| 10 | കല്ലൂർക്കാട് | 46200 | 123, 04.11.2020 |
| 11 | കല്ലൂർക്കാട് | 178800 | 197, 15.02.2021 |
| 12 | വാളകം | 364000 | 195, 15.02.2021 |
| 13 | വാളകം | 149200 | 163, 14.01.2021 |
| 14 | മഞ്ഞള്ളൂർ | 45600 | 161, 14.01.2021 |
| 15 | മഞ്ഞള്ളൂർ | 129400 | 232, 17.03.2021 |
| 16 | ആരക്കുഴ | 52650 | 121, 04.11.2020 |
| 17 | ആരക്കുഴ | 118500 | 207, 23.02.2021 |
| | ആകെ | 2541950 | |

2) 91/20-21, വിവിധ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾക്ക് വിഹിതം നൽകൽ

ആകെ അടങ്കൽ – 7,66,264/-

ചെലവ് – 4,37,005/-

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക | ബിൽ നം.(ACR പ്രകാരം) , തീയതി |
|---|---|---|---|
| 1 | മാറാടി | 41000 | 290, 30.03.21 |
| 2 | മാറാടി | 41000 | 262, 26.03.21 |
| 3 | വാളകം | 27983 | 159, 14.01.21 |
| 4 | വാളകം | 46000 | 291, 30.03.21 |
| 5 | ആരക്കുഴ | 281022 | 292, 30.03.21 |
| | ആകെ | 4,37,005 | |

3) 92/20-21, ആയവന പഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾക്ക് വിഹിതം നൽകൽ

ആകെ അടങ്കൽ – 6,00,000/-

ചെലവ് – 408701/-

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക | ബിൽ നം.(ACR പ്രകാരം) ,തീയതി |
|---|---|---|---|
| 1 | ആയവന ഗ്രാമപഞ്ചായത്ത് | 408701 | 261, 26.03.21 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.8, തീയതി 21.03.2022) മറുപടി ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ച പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കുന്നതു വരെ ആകെ 33,87,656/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 പണ്ടപ്പിള്ളി CHC മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമായതു സംബന്ധിച്ച രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 56/2020-21 |
| പ്രോജക്റ്റ് പേര് | സി.എച്ച്.സി. പണ്ടപ്പിള്ളിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) പണ്ടപ്പിള്ളി |
| അടങ്കൽ | 2,00,000/-(മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം)) |
| ചെലവ് | 2,00,000/- |
| ബിൽ നം./തീയതി | 960629/19.01.2021 |

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിന്റെ 07/01/2021-ലെ PRF4264-ാം നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 2,00,000/- രൂപ ബിൽ നം. 960629/19.01.2021 പ്രകാരം മുൻകൂറായി നൽകിയിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ടാക്സ് ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കണമെന്നും ഇല്ലെങ്കിൽ ആയതിലേയ്ക്കായി സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്നും ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (നം:

4/21.03.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ-അപാകതകൾ

| പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നം | സ്ഥാപനം/പ്രോജക്ട് കോസ്റ്റ് |
|---|---|---|---|---|---|
| 115/21 | ഫ്ലോർ മില്ലും അനുബന്ധ ഭക്ഷ്യോത്പന്ന നിർമ്മാണവും | 600000 | 600000 | TRN-000819/22-4-20<br>TRN-000822/22-4-20 | തേജസ് ഫുഡ് ഫാക്ടറി/472000<br>അമ്മ ഫ്ലോർ മിൽസ്/609300 |
| 128/21 | പേപ്പർ ബാഗ് നിർമ്മാണം തുണി സഞ്ചി നിർമ്മാണവും | 800000 | 300000 | TRN-000821/22-4-20 | ശ്രേയസ് പേപ്പർ ബ്യാഗ് /-378400 |

വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം സുതാര്യമല്ല. മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം 3 വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. 5 പേർ അടങ്ങുന്ന വനിതാ ഗ്രൂപ്പുകൾ ബാങ്ക് ലോൺ എടുത്ത് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നു. സംരംഭങ്ങൾക്ക് വിനിയോഗിക്കുന്ന തുകയുടെ 85% അല്ലെങ്കിൽ 3,00,000/- രൂപ ഏതാണോ അധികം അത് ലിങ്കേജ് സബ്സിഡിയായി ബാങ്കിലേയ്ക്ക് നൽകുന്നു. ഗ്രൂപ്പുകൾ ലോൺ അടച്ചു തീർക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗ്രൂപ്പുകളുടെ എസ്.ബി. അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് നൽകുന്നു. 3 ഗ്രൂപ്പുകൾക്ക് 3,00,000 രൂപ വീതം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സഹായം ലഭിച്ച സംഘങ്ങളുടെ വിവരങ്ങൾമാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ആകെ അപേക്ഷിച്ച സംഘങ്ങൾ , സ്വീകരിച്ച ഗ്രേഡിങ്ങ് എന്നിവ വ്യക്തമല്ല. സംഘങ്ങളുടെ രൂപീകരണം, ഗ്രേഡിങ്ങ് തീയതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. സ്വയംസഹായ ഗ്രൂപ്പുകൾക്ക് ബാങ്കിൽനിന്ന് ലോൺ അനുവദിച്ച കത്ത് ഫയലിലുണ്ടെങ്കിലും ഇവർ ലോൺ തുക കൈപ്പറ്റിയതിന്റെയും ലോൺ തിരിച്ചടച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല. അനുവദിച്ച ലോൺ പൂർണ്ണമായും കൈപ്പറ്റാത്ത ഗ്രൂപ്പുകൾക്ക് ലോൺതുകയ്ക്ക് ആനുപാതികമായ സബ്സിഡിക്ക് മാത്രമേ അർഹതയുള്ളൂ. ലോൺ പാസ്സ് ബുക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3. വായ്പാ തുക, യൂണിറ്റിന്റെ പ്രവർത്തനത്തിനായി വിനിയോഗിച്ചതിന്റെ ചെലവ് രേഖകൾ, യന്ത്രങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സുകൾ ലഭ്യമാക്കിയില്ല.

4. സംരംഭകർ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽവിലാസം , വാടകകരാർ എന്നിവയും ലഭ്യമാക്കേണ്ടതാണ്.

5. യൂണിറ്റിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ / വി.ഇ.ഒയുടെ പരിശോധന റിപ്പോർട്ട് ലഭ്യമല്ല.

6. നിർവഹണഉദ്യോഗസ്ഥൻ തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെ രേഖകളുമില്ല. മുൻവർഷങ്ങളിലേത് ഉൾപ്പെടെ ഇത്തരം പദ്ധതികൾക്കായി സഹായം നൽകിയതിന്റെ രജിസ്റ്റർ സഹിതം വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

7. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും റ്റി.ആർ 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ 2020-21 സാമ്പത്തിക വർഷങ്ങളിലെ പദ്ധതിച്ചെലവുകൾ റ്റി.ആർ 7എ മാതൃകയിലുള്ള ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനും അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ടും നൽകിയ 21.03.22ലെ ഓഡിറ്റ് എൻക്വയറി നം.5-ന് മറുപടി നൽകിയില്ല. അതിനാൽ സബ്സിഡിയുടെ അനുവദനീയത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സംരഭങ്ങളുടെ രൂപീകരണ ചെലവുകൾ, ലോൺ. പ്രവർത്തനം തിരിച്ചടവ് മുതലായവ അടക്കം അനുബന്ധരേഖകൾ സഹിതം തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 9,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ എസ് 0051/21 പ്രകാരം സ്പിൽ ഓവർ ആയി വിവിധ പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ബിൽ നമ്പർ 1912026301450086 6899/26.11.19 (20120263014500184263/ 20.5.20)പ്രകാരം ഒമേഗ സോളാർ, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന് 1056000രൂപ നൽകിയിട്ടുണ്ട്. ഇതിനായി ടെണ്ടർ വിളിച്ചതിൽ 5 സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി കാണുന്നത്. ലഭിച്ച ടെണ്ടറിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് ഒന്നിന് | ആകെ നിരക്കായി കാണിച്ചിരിക്കുന്നത് | സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| Solar Street Lightmodel 1 - Module 75wp Lithium Battery, 250wh,luminary – 8w - 33 എണ്ണത്തിന് | 32000 | 1344000 | ഒമേഗ സോളാർ, കോയമ്പത്തൂർ |
| Solar Street Lightmodel 2 - Module 150wp Lithium Bettery, 768 Wh,luminary -20w – 9 എണ്ണത്തിന് | 32000 | | |
| Solar Street Lightmodel 1 - Module 75wp Lithium Bettery, 250wh,luminary – 8w - 33എണ്ണത്തിന് | 27670 | 1409460 | ഇക്കോമേറ്റ് എനർജി സൊല്യൂഷൻസ്, പെരുമ്പാവൂർ |
| Solar Street Lightmodel 2 - Module 150wp Lithium Bettery, 768wh,luminary – 20w – 9 എണ്ണത്തിന് | 55150 | | |
| Solar Street Lightmodel 1 - Module 75wp Lithium Bettery, 250wh,luminary – 8w - 33എണ്ണത്തിന് | 34000 | 1777200 | അമ്മിണി സോളാർ സിസ്റ്റംസ്, തിരുവനന്തപുരം |
| Solar Street Lightmodel 2 - Module 150wp Lithium Bettery, 768wh,luminary – 20w - 9എണ്ണത്തിന് | 69500<br>1056000രൂപ | | |
| നിരക്കുകൾ ഇനം തിരിച്ച് കാണിച്ചിട്ടില്ല. ആകെ നിരക്ക് - (എത്ര എണ്ണത്തിന് എന്ന് വ്യക്തമല്ല) | | 954330 | ഗ്രീൻ റൂഫ് സോളാർ പ്രൈ. ലി. |
| നിരക്കുകൾ ഇനം തിരിച്ച് കാണിച്ചിട്ടില്ല. ആകെ നിരക്ക് - (എത്ര എണ്ണത്തിന് എന്ന് വ്യക്തമല്ല) | | 1747500 | ആൾട്ടർനേറ്റ് എനർജി കോർപ്പറേഷൻ |

കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ ആകെ നിരക്ക് ഏറ്റവും കുറവായി കാണിച്ചിരിക്കുന്ന ഗ്രീൻ റൂഫ് സോളാർ പ്രൈ. ലി. -ന്റെ ടെണ്ടറിന് ഹാർഡ് കോപ്പി ഇല്ല എന്ന് കാണിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ചിരുന്ന ഈ സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ഒമേഗ സോളാർ, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകി അവർക്ക് തുക നൽകിയിട്ടുണ്ട്. ഇവർ സമർപ്പിച്ചിരിക്കുന്ന 26.3.2019 - ലെ ഇൻവോയ്സ് നമ്പർ 99 പ്രകാരം 32000 രൂപ നിരക്കിൽ ആകെ 33എണ്ണം എൽഇഡി സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ആണ് സപ്ലൈ ചെയ്തിരിക്കുന്നത്. ഇതിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇതിലും 1056000രൂപ കുറഞ്ഞ നിരക്ക് കാണിച്ചിരിക്കുന്ന ടെണ്ടറുകൾ ഒഴിവാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.03.2022ൽ 2൦ നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭിച്ചിട്ടില്ല.

സ്ഥാപനവുമായി കരാർ ചെയ്തിരുന്ന സ്പെസിഫിക്കേഷനിൽ ഉള്ള സോളാർ സ്ട്രീറ്റ് ലൈറ്റുകൾ തന്നെയാണോ സ്ഥാപിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുവാൻ പാനൽ എഞ്ചിനീയർമാരോട് 23.7.2019 -ൽ സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർ പരിശോധിച്ച് 3.8.19 – ൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിൽ Solar Street Light Model 2 -പ്രകാരമുള്ള Module 150wp Lithium Bettery, 768wh, Luminary – 20w - ന്റെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. മേൽപ്പറഞ്ഞ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങളുടെ പരിശോധനാ റിപ്പോർട്ട് ഇല്ല. ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്ത് മാസങ്ങൾക്കകം തന്നെ കുറെയധികം എണ്ണത്തിന് തകരാറുകൾ സംഭവിച്ച് തെളിയാതെ ഉണ്ട് എന്ന് മെംബർമാർ കത്ത് നൽകിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിൻമേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരം ഫയലിൽ ഇല്ല. ടെണ്ടർ ഉറപ്പിച്ച് നൽകിയപ്പോൾ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്ഥാപനമായതിനാൽ ഇതിന്മേലുള്ള അറ്റകുറ്റപ്പണികൾ സമയത്ത് നടത്തിക്കിട്ടുമോ എന്ന കാര്യം പരിഗണിച്ചിട്ടില്ല.

ഇൻവോയ്സിൽ സപ്ലൈ ചെയ്ത ഇനത്തിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏത് ഇനമാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് അറിയാൻ നിർവ്വാഹമില്ല. 20 W - ന്റെ 9എണ്ണത്തിന് ഉള്ള നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ സപ്ലൈ ചെയ്ത 33എണ്ണവും 20 W - ന്റേതാണ് എന്നുറപ്പിക്കാൻ കഴിയില്ല. 33എണ്ണവും പരിശോധിച്ചതായുള്ള റിപ്പോർട്ട് ഫയലിൽ ഇല്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവാക്കിയ 10,56,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 വിനിയോഗവിവരം ഇല്ല - 33,17,447/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡെപ്പോസിറ്റ് വർക്കുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ചെലവാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചതിന്റെ വിവരങ്ങളോ വിനിയോഗ സാക്ഷ്യപത്രങ്ങളോ ഫയലിൽ ഇല്ലാത്തവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ഇനം | തുക | നൽകിയ സ്ഥാപനം | ബിൽ നമ്പർ, തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| S029/21 | കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 230000 | വാട്ടർ അതോറിറ്റി മൂവാറ്റുപുഴ | 63144501175976 /2.3.21 |
| S027/21 | ആരക്കുഴ ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 220000 | ---"--- | 4501251786/15.3.21 |
| S0185/21 | അഞ്ചൽപ്പെട്ടി ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 30000 | ---"--- | 4501257962 /15.3.21 |
| S030/21 | തലയണപ്പാറ വലിയപാറ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 624500 | ---"--- | 4501250991 /15.3.21 |
| S025/21 | ആയവന ഗ്രാമപഞ്ചായത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 252000 | ---"--- | 4501251398 /15.3.21 |
| S0174/21 | മാങ്കുത്തേൽ കുടിവെള്ള പദ്ധതി ബ്ലോക്ക് വിഹിതം | 150000 | ---"--- | 450673983/ 30.10.20 |
| S0197/21 | മാറാടി ഗ്രാമപഞ്ചായത്ത് കുന്നംപുറം ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി ബ്ലോക്ക് വിഹിതം | 200000 | ---"--- | 3900985659 /23.1.21 |
| S031/21 | അഞ്ചൽപ്പെട്ടി ഡിവിഷൻ - വിവിധ പട്ടികജാതി കോളനികളിൽ ലൈൻ എക്സ്റ്റൻഷൻ | 302163 | കെ എസ് ഇ ബി | 4501391167 /27.3.21 |
| S0116/21 | ആവോലി ഡിവിഷൻ ലൈൻ എക്സ്റ്റൻഷൻ | 53393 | ---"--- | 4500009830/11.4.20 |
| S033/21 | മാറാടി ഡിവിഷൻ - വിവിധ പട്ടികജാതി കോളനികളിൽ ലൈൻ എക്സ്റ്റൻഷൻ | 199307 | ---"--- | 4500648693 /22.10.20 |
| S021/21 | അഞ്ചൽപ്പെട്ടി ഡിവിഷൻ ലൈൻ എക്സ്റ്റൻഷന് | 225000 | ---"--- | 4501391161 /27.3.21 |
| S0129/21 | ചെങ്ങറ കോളനി ലൈൻ എക്സ്റ്റൻഷൻ, ആവോലി | 210000 | " | 4500020488 /11.4.20 |
| S001/21 | IKM | 61084 | | 450673983 /30.10.20 |
| S0153/21 | അങ്കണവാടി കെട്ടിടത്തിന് വിഹിതം നൽകൽ | 560000 | ആയവന ഗ്രാമ പഞ്ചായത്ത് | 2000181892 /20.5.20 |
| ആകെ | | 3317447 | | |

മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവാക്കിയ 33,17,447/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 കരാർ തുകയിൽനിന്ന് ഇൻകം ടാക്സ് ടി.ഡി.എസ്. കുറവുചെയ്തില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം SO 152/21 [അടങ്കൽ -28,00,000/- (17,21,000/-വികസനഫണ്ട്, 10,79,000/-തനത് ഫണ്ട്-) ; ചെലവ്- 17,21,000/- വികസനഫണ്ട് ജനറൽ, ബിൽ – TRN-201202000000005290 തീ 12-8-20] ഐ.എസ്.ഒ. സർട്ടിഫിക്കേഷന് പശ്ചാത്തല സൗകര്യം ഒരുക്കൽ എന്ന പദ്ധതിയുടെ നടത്തിപ്പിനായി ആർട്ട്കോയുമായി വർക്ക് കരാറിൽ ഏർപ്പെടുകയും ഇൻവോയ്സ് നം.331 തീയതി 13-01-2020 പ്രകാരം 27,26,575/- രൂപ ആർട്ട്കോയ്ക്ക് നൽകിയിട്ടുള്ളതുമാണ്. ഫർണിച്ചറുകൾ, സീലിങ്ങ് വർക്കുകൾ, ഫിറ്റിങ്ങുകൾ തുടങ്ങിയവയ്ക്കായി ലേബർ ചാർജുകൾ ഉൾപ്പെടെയുള്ള ബിൽതുകയിൽനിന്ന് ഇൻകം ടാക്സ് നിയമം 194-C പ്രകാരം 2% ഇൻകം ടാക്സ് ടി.ഡി.എസ്. കുറവുചെയ്യാതെയാണ് ബിൽ തുക നൽകിയിട്ടുള്ളത്. ബിൽ തുകയിൽ മുൻവർഷം നൽകിയ 10,05,575/- രൂപ കറവ് ചെയ്ത് ബാക്കിയുള്ള 17,21,000/- രൂപയാണ് തൻവർഷ പദ്ധതി നടത്തിപ്പിനായി ചെലവാക്കിയിട്ടുള്ളത്.

1) ബിൽ തുകയ്ക്കായി തനത് ഫണ്ടിൽ നിന്ന് മുൻവർഷം ചെലവ് ചെയ്ത 10,05,575/- രൂപയുടെ ചെലവ് സുലേഖയിൽ രേഖപ്പെടുത്താതെ തൻവർഷത്തെ പദ്ധതി അടങ്കലിലും തനത് ഫണ്ട് ഉൾപ്പെടുത്തിയതായി കാണുന്നു. ഇത്തരത്തിൽ മുൻവർഷചെലവ് രേഖപ്പെടുത്താതെ സ്പിൽ ഓവർ പദ്ധതി വിഭാവനം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

2)പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആർജ്ജിച്ച ആസ്തി, ധനകാര്യപത്രികയിൽ ബി-11 ഷെഡ്യൂളിൽ അസറ്റായി ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3)ഫർണിച്ചറുകൾക്കായി ഭീമമായ തുകയാണ് ചെലവുവന്നിട്ടുള്ളത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ ഫർണിച്ചറുകളും ഫിറ്റിങ്ങുകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വിശദാംശങ്ങളും പദ്ധതിയുടെ നടത്തിപ്പിന് മുൻപ് ഉപയോഗിച്ചുവന്നിരുന്ന ഫർണിച്ചറുകളുടെ തൽസ്ഥിതിയും അറിയിക്കേണ്ടതാണ്.

4) ബിൽതുകയായ 27,26,575/- രൂപയുടെ 2% ആയ 54,532/-രൂപ ഇൻകം ടാക്സ് ടി.ഡി.എസ്. ഈടാക്കി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 21-3-22 ലെ ഓഡിറ്റ് എൻക്വയറി നം 6 ന് മറുപടി നൽകിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-21 എൻ.ആർ.ഇ.ജി.എസ് - പ്ലാൻ ഫണ്ടിൽ നിന്നും നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് തുക നൽകി

വിവിധ എൻ.ആർ.ഇ.ജി.എസ്. വർക്കുകൾക്ക് വേണ്ടി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മെറ്റീരിയൽസിന്റെ

തുക കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വേലകൾ എറ്റെടുത്ത് നടപ്പാക്കുകയും മെറ്റീരിയൽസിന്റെ തുക ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും കൈമാറുകയുമാണ് ചെയ്തിരിക്കുന്നത്. മെറ്റീരിയൽസിന്റെ വിലയോ ഇത് സംബന്ധിച്ച് ടെണ്ടർ വിളിച്ചതിന്റെ രേഖകളോ ഫയലിൽ ഇല്ല. പദ്ധതി വിഹിതത്തിൽ നിന്നും എൻ ആർ ഇ ജി എസ് വർക്കുകൾക്ക് വേണ്ടി മെറ്റീരിയൽസ് വാങ്ങുന്നതിന് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ, തീയതി | തുക | ഇനം |
|---|---|---|---|
| എസ്.ഒ. 40/21 | 4500674589/ 30.10.20 | 100000 | ബേസിൽ ജോയ്, മേക്കടമ്പ് ഡിവിഷൻ - വിവിധ റോഡുകൾ, ഒളിക്കച്ചിറ നീന്തൽക്കുളം -നിർമ്മാണസാമഗ്രികൾ |
| | 4500112597/ 28.4.20 | 100000 | മനേഷ് മോഹനൻ, മേക്കടമ്പ് ഡിവിഷൻ - വിവിധ റോഡുകൾ, ഒളിക്കച്ചിറ നീന്തൽക്കുളം -നിർമ്മാണസാമഗ്രികൾ |
| | 4501250698/ 15.3.21 | 50000 | മനേഷ് പി, മേക്കടമ്പ് ഡിവിഷൻ - വിവിധ റോഡുകൾ, ഒളിക്കച്ചിറ നീന്തൽക്കുളം -നിർമ്മാണസാമഗ്രികൾ |
| | 1174538/15.3.21 | 50000 | പ്രവീൺ ബേബി, മേക്കടമ്പ് ഡിവിഷൻ - വിവിധ റോഡുകൾ, ഒളിക്കച്ചിറ നീന്തൽക്കുളം -നിർമ്മാണസാമഗ്രികൾ |
| എസ്.ഒ 141/21 | 4500112590/ 28.4.20 | 257354 | അബ്ദുൾ ഷമീർ, ആയവന ഗ്രാ.പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| | 4500856610/ 23.12.20 | 110000 | മുഹമ്മദ്ആഷിക്, ആയവന ഗ്രാ.പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| | 4500856784/ 23.12.20 | 100000 | അബ്ദുൾ ഷമീർ പി എസ്, ആയവന ഗ്രാ.പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| | 4500856182/ 23.12.20 | 130000 | അബ്ദുൾ ഷമീർ പി എസ്, ആയവന ഗ്രാ.പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| | 4500859311/24.12.20 | 100000 | മുഹമ്മദ്ആഷിക് ടി എൻ ആയവന ഗ്രാ.പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| | 4501308711/20.3.21 | 100000 | അബ്ദുൾ ഷമീർ പി എസ്, ആയവന ഗ്രാ.പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| എസ്.ഒ 025/20 | 450057602/ 30.9.20 | 148344 | പി കെ ശിവൻ, ആരക്കുഴ ഗ്രാ. പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| | 4501007065/ 28.1.21 | 170500 | പി കെ ശിവൻ, ആരക്കുഴ ഗ്രാ. പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| | 4500112594/ 28.4.20 | 350000 | പി കെ ശിവൻ, ആരക്കുഴ ഗ്രാ. പ. വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| ആകെ | | 17,66,198 | |

ഇതു കൂടാതെയും നിരവധി പ്രൊജക്റ്റുകൾക്ക് തുക നൽകിയിട്ടുണ്ട്. 12ാം പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ അനുസരിച്ച് ഇപ്രകാരം ചെലവ് ചെയ്യാവുന്നതല്ല. പദ്ധതി വിഹിതത്തിൽ നിന്നും പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ (UTR No) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ആയവന ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോ.25/21) | U000000852467850-16/3/2021 | 252000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 252000 |
| | ആരക്കുഴ ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രോ.27/21) | U000000852467848-16/3/2021 | 220000 | ---"--- | 220000 |
| | കല്ലൂർക്കാട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രോ.27/21) | U000000851329504-8/3/2021 | 230000 | ---"--- | 230000 |
| | ആയവന ഡിവിഷൻ തലയണപ്പാറ പട്ടികജാതി കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രോ.27/21) | U000000852467852-16/3/2021 | 624500 | ---"--- | 624500 |
| | അഞ്ചൽപെട്ടി ഡിവിഷനിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രോ.185/21) | U000000852467848-16/3/2021 | 300000 | ---"--- | 300000 |
| | അടൂപ്പറമ്പ് ഡിവിഷനിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രോ.186/21) | U000000852467740-16/3/2021 | 169800 | ---"--- | 169800 |
| | ആവോലി ഡിവിഷനിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രോ.188/21) | U000000852467844-16/3/2021 | 200000 | ---"--- | 200000 |
| | ആകെ | | 1996300 | | 1996300 |
| കെ എസ് ഇ ബി | ആവോലി ഡിവിഷൻ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് വാർഡ് കെ എസ് ഇ ബി ലൈൻ എക്സ്റ്റൻഷൻ(പ്രോ.15/21) | U000000851329506-8/3/2021 | 159996 | ---"--- | 159996 |
| | വാളകം ഡിവിഷൻ കെ എസ് ഇ ബി ലൈൻ എക്സ്റ്റൻഷനം സ്ട്രീറ്റ് ലൈൻ വലിക്കലും(പ്രോ.17/21) | U000000813385276-29/9/2020 | 150000 | ---"--- | 150000 |
| | അഞ്ചൽപെട്ടി ഡിവിഷൻ കെ.എസ്.ഇ.ബി. ലൈൻ എക്സ്റ്റൻഷൻ(പ്രോ.21/21) | U000000856116704- 125317/-<br>U000000856116706- 99683/-<br>U000000862074512- 32326/-<br>28/3/2021 | 257326 | ---"--- | 257326 |
| | അഞ്ചൽപെട്ടി ഡിവിഷൻ വിവിധ പട്ടികജാതി കോളനികളിൽ കെ.എസ്.ഇ. ബി. ലൈൻ എക്സ്റ്റൻഷനം സ്ട്രീറ്റ് ലൈൻ | U000000856116698- 28/3/2021 | 302163 | ---"--- | 302163 |

| | | | | | |
|---|---|---|---|---|---|
| | വലിക്കലും(പ്രോ.31/21) | | | | |
| | മാറാടി വിവിധ പട്ടികജാതി കോളനികളിൽ കെ എസ് ഇ ബി ലൈൻ എക്സ്റ്റൻഷനും മാറ്റി സ്ഥാപിക്കലും(പ്രോ.33/21) | U000000818944000-23/10/2020 | 199307 | ---"--- | 199307 |
| | ആവോലി ഡിവിഷനിൽ വൈദ്യുതി ലൈൻ നീട്ടൽ(പ്രോ.116/21) | U000000782363108-27/4/2020 | 53393 | ---"--- | 53393 |
| | ആവോലി പഞ്ചായത്ത് ചെങ്ങറകോളനി വൈദ്യുതി ലൈൻ നീട്ടൽ(പ്രോ.129/21) | U000000782363122-27/4/2020 | 210000 | ---"--- | 210000 |
| | ആകെ | | 1332185 | | 1332185 |

Advance To Implementing Agencies Deposit With KWA , Advance To Implementing Agencies Deposit With KSEB എന്ന ഹെഡുകളിൽ ഈ തുക ചേർത്തിട്ടില്ല. എന്നാൽ മറ്റേതെങ്കിലും അഡ്വാൻസ് ഹെഡിൽ ടി തുക ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകൾ അക്കൌണ്ടിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2020-21 വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| എെ.എ.വൈ | 012/48313 /LN794/1028 Dtd 26.04.2013 | 4425000 | 14,33,067/- | 14,33,067 | - | - |

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 31-3-2020 തീയതിയിൽ 14,33,067 രൂപ മുതൽ ഇനത്തിലും 1544192/-രൂപ പലിശ ഇനത്തിലും തിരിച്ചടയ്ക്കാനായി ബാക്കിയുണ്ട്. ഇതിൽ മുതൽ ഇനത്തിലുള്ള 14,33,067/- രൂപ 2020-21 വർഷം പ്രോജക്ട് നം 206/21പ്രകാരം സോഴ്സ് ഡിഡക്ഷനായി തിരിച്ചടച്ചിട്ടുണ്ട്. പലിശ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള 1544192/-രൂപ ധനകാര്യ പത്രികയിൽ ബാധ്യതയായി ചേർത്തിട്ടില്ല. ധനകാര്യ പത്രിക പ്രകാരം വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന തുക 18,98,500/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 14,33,067/- രൂപയുമാണ്. വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,68,01,759 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,82,99,749 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 88,61,103 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 33,87,656 | ശ്രീമതി സൌമ്യ ജോസഫ്, ശിശുവികസന പദ്ധതി ഓഫീസർ |
| 1-16 | 2,00,000 | ഡോ.ജോർജ് കെ എ<br>മെഡിക്കൽ ഓഫീസർ, സി എച്ച് സി, പണ്ടപ്പിള്ളി |
| 1-17 | 9,00,000 | ശ്രീമതി പ്രിയ പോൾ, വ്യവസായ വികസന ഓഫീസർ |
| 1-18 | 10,56,000 | ശ്രീമതി സഹിത എം എസ്, സെക്രട്ടറി |
| 1-19 | 18,83,663 | ശ്രീ വി ജി ജയൻ,സെക്രട്ടറി |
| 1-19 | 4,11,084 | ശ്രീമതി രതി എം ജി, സെക്രട്ടറി |
| 1-19 | 10,22,700 | ശ്രീമതി സഹിത എം എസ്, സെക്രട്ടറി |
| ആകെ | 88,61,103 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജോർജ് കെ എ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി എച്ച് സി, പണ്ടപ്പിള്ളി | കാട്ടിത്തറ വീട്, അരൂർ (പി.ഒ.), ആലപ്പുഴ |
| ശ്രീമതി പ്രിയ പോൾ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, കുന്നത്ത്നാട്, താലൂക്ക് വികസന ഓഫീസ്, പെരുമ്പാവൂർ | കുന്നത്ത് വീട്, തൃക്കളത്തൂർ (പി.ഒ.), മൂവാറ്റുപുഴ |
| ശ്രീമതി സഹിത എം.എസ്., സെക്രട്ടറി | വിരമിച്ചു | പെരുമ്പുഞ്ചയിൽ വീട്, ഞീഴൂർ, കോട്ടയം |
| ശ്രീമതി രതി എം.ജി., സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | കക്കുഴിയിൽ വീട്, വാരപ്പെട്ടി(പി.ഒ.),കോതമംഗലം |
| ശ്രീ വി.ജി. ജയൻ,സെക്രട്ടറി | സെക്രട്ടറി, തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | വടക്കേക്കര വീട്, മണക്കാട്(പി.ഒ.),തൊടുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2003-2004 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2004-2005 | |
| 2007-2008 | |
| 2008-2009 | |
| 2009-2010 | |

| | |
|---|---|
| 2012-2013 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2013-2014<br>2014-2015 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.2) 586/2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 352/2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 2193/2017/ 15.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1272/19 തീയതി 30.09.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1553/19 തീയതി 15.10.19 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 979/2020 തീയതി 07.01.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്